മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 5

## വാർത്താക്കുറിപ്പ്

---

### കാൻസർ പ്രതിരോധത്തിലെ നൂതന സാധ്യതകൾ;പ്രഭാഷണം ഇന്ന്

കാൻസർ പ്രതിരോധത്തിലെ നൂതന സാധ്യതകളെക്കുറിച്ച് ഹർവാഡ് മെഡിക്കൽ സ്കൂളിലെ അസോസിയേറ്റ് പ്രഫസർ ഡോ. ഡാൻ ഗബ്രിയേൽ ഡൂഡ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ഇന്ന് (ഡിസംബർ 6) പ്രഭാഷണം നടത്തും. രാവിലെ 11ന് ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നവരുമായി അദ്ദേഹം സംവദിക്കും.

എറുഡൈറ്റ് സ്കോളർ ഇൻ റസിഡന്റ് പ്രോഗ്രാമിന്റെ ഭാഗമായി ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററാണ് പരിപാടി സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ./39/1702/2022)

### ലേഡീസ് ഫിറ്റ്നസ് സെന്റർ; പൊതു ജനങ്ങൾക്കും പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ ലേഡീസ് ഫിറ്റ്നസ് സെന്ററിൽ ഇനി പൊതുജനങ്ങൾക്കും പ്രവേശനം അനുവദിക്കും. ഉച്ചകഴിഞ്ഞ് 3.30 മുതൽ 7.30 വരെയാണ് കേന്ദ്രം പ്രവർത്തിക്കുക.

രജിസ്ട്രേഷൻ ഫീസ് 500 രൂപയും പ്രതിമാസ ഫീസ് 800 രൂപയുമാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയിലെ എ.ഡി.ബി- 1 സെക്ഷനുമായി ബന്ധപ്പെടണം.

(പി.ആർ.ഒ./39/1703/2022)

### ലോക ഭിന്നശേഷി ദിനാചരണം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിലെ എം.എ സോഷ്യൽ വർക്ക് വിദ്യാർഥികളുടെ പഞ്ചദിന സഹവാസ ക്യാമ്പിനോടനുബന്ധിച്ച് ലോക ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പിണവൂർകുടി സാമൂഹികപഠന മുറിയിൽ പരിപാടിയുടെ ഭാഗമായി ക്ലാസുകൾ, പ്രതിജ്ഞ തുടങ്ങിയവയും നടന്നു.

സോഷ്യൽ വർക്ക് ട്രെയിനികളായ അഞ്ജന, കെസ്സ, മേഘ, ഷെബിൻ പഠനമുറിയിലെ അധ്യാപിക രഹന തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ.ഒ./39/1704/2022)

## എം.എഫ്.എ അപേക്ഷ; സമയപരിധി നാളെ അവസാനിക്കും

തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ എം.എഫ്.എ പ്രോഗ്രാമിൽ 2022-23 വർഷം പ്രവേശനത്തിന് അപേക്ഷ നൽകുന്നതിനുള്ള സമയപരിധി നാളെ(ഡിസംബർ 7) അവസാനിക്കും.

അഭിരുചി പരീക്ഷയും (എഴുത്ത്, പ്രാക്ടിക്കൽ) അഭിമുഖവും ഡിസംബർ എട്ടിന് നടക്കും. റാങ്ക് ലിസ്റ്റ് ഡിസംബർ ഒൻപതിന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും.

പ്രവേശനം ഡിസംബർ 12,13 തീയതികളിലാണ്.

(പി.ആർ.ഒ./39/1705/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (2012 അഡ്മിഷൻ), ബി.എ (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) 2011 അഡ്മിഷൻ മെഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷ നൽകാം.

പിഴയോടു കൂടി ഇന്നും (ഡിസംബർ 6) സൂപ്പർഫൈനോടു കൂടി നാളെയും(ഡിസംബർ 7ഏഴിനും) അപേക്ഷ സ്വീകരിക്കും.

വിദ്യാർത്ഥികൾ ഒരു പേപ്പറിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസും ഒന്നാം മെഴ്സി ചാൻസ് പരീക്ഷ എഴുതുന്നവർ 5515 രൂപ സ്പെഷ്യൽ ഫീസും പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1706/2022)

## വൈവ വോസി

രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഡിസംബർ 15 മുതൽ അതത് കോളേജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1707/2022)

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. ഓപ്പറേഷൻസ് റിസർച്ച് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2019 അഡ്മിഷൻ സപ്ലിമെന്ററി - നവംബർ 2021) പരീക്ഷയുടെ തടഞ്ഞു വച്ചിരുന്ന പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡെപ്യൂട്ടി രജിസ്ട്രാർക്ക് - 7 (പരീക്ഷ) ഡിസംബർ 17 വരെ അപേക്ഷ നൽകാം.

...............................................

ഈ വർഷം ജൂലൈയിൽ നടന്ന എട്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2018 അഡ്മിഷൻ റഗുലർ, 2014 മുതൽ 2017 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1708/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**